# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
## ക്രിസ്തുമസ് പരീക്ഷ - 2024

**ക്ലാസ്സ് : IV** | **സമയം : 2 മണിക്കൂർ**
**തീയതി : 08-12-2024** | **മാർക്ക് : 70**

---

**I. പദപ്പെട്ടിയിൽ നിന്ന് തെരഞ്ഞെടുത്തെഴുതുക** **10**

അപ്പസ്തോലന്മാർക്ക്, സമർപ്പണം, ക്രിസ്തു,
വി. കുർബാന, വിശുദ്ധി

1. "കുർബാന" എന്ന സുറിയാനി വാക്കിന്റെ അർത്ഥം എന്ത്?
2. രക്ഷ പ്രദാനംചെയ്യുന്ന ഈശോയുടെ സ്നേഹവിരുന്ന് എന്താണ്?
3. ഈശോയുടെ ശരീരരക്തങ്ങൾ സ്വീകരിക്കുന്നതിന് നമുക്ക് ആവശ്യമായത് എന്ത്?
4. പാപം മോചിക്കുന്നതിനുള്ള അധികാരം ഈശോ നൽകിയത് ആർക്ക്?
5. സഭയിലൂടെ നമുക്ക് പാപമോചനം നൽകുന്നത് ആര്?

**II. എ-ബി യോട് ചേർക്കുക** **10**

| | | |
|---|---|---|
| 6. അനുരഞ്ജന കൂദാശ | - | അബ്രാഹം |
| 7. കാത്തിരിക്കുന്ന പിതാവ് | - | ഇസ്രായേൽ ജനം |
| 8. വി. കുർബാന | - | പശ്ചാത്താപം |
| 9. മന്ന | - | പെസഹാത്തിരുനാൾ |
| 10. മോറിയാമല | - | ദൈവം |

**III. പൂരിപ്പിക്കുക** **10**

11. കുരിശിലെ ബലിയിലൂടെ .................... അർപ്പിച്ചുകൊണ്ട് പിതാവിനോടുള്ള പൂർണവിധേയത്വം ഈശോ പ്രകടമാക്കി.
12. "പെസഹാ" എന്ന വാക്കിന്റെ അർത്ഥം .................. എന്നാണ്.
13. പാപമോചനവും ................. നും നമുക്ക് പ്രദാനം ചെയ്യുന്നവയാണ് ഈശോയുടെ ശരീരരക്തങ്ങൾ.

14. ദൈവത്തോടുള്ള നമ്മുടെ സ്നേഹം ആത്മാർത്ഥമാണെങ്കിൽ നമ്മുടെ ................... പൂർണ്ണമായിരിക്കും.

15. പാപം വഴി ദൈവത്തിൽ നിന്ന് അകന്നുപോകുന്ന നമ്മൾ .............. ലൂടെ അവിടുന്നുമായി രമ്യപ്പെടുന്നു.

## IV. ശരിയോ തെറ്റോ എന്ന് എഴുതുക 5

16. ഈശോയുടെ കല്പനയനുസരിച്ചാണ് നാം വി. കുർബാനയാകുന്ന ബലി അർപ്പിക്കുന്നത്.

17. തൈലാഭിഷേകത്തിലൂടെ ഈശോയുടെ ശരീരരക്തങ്ങൾ നമുക്ക് ആത്മീയ ഭക്ഷണപാനീയങ്ങളായിത്തീരുന്നു.

18. വി. കുർബാന സ്വീകരിക്കുവാൻ നമുക്ക് ഭക്തിയും ഒരുക്കവും ആവശ്യമാണ്.

19. നാം ചെയ്ത തെറ്റുകളെക്കുറിച്ച് നമുക്കുണ്ടാകുന്ന ദുഃഖമാണ് മനസ്താപം.

20. അനുരഞ്ജനകൂദാശയിൽ പാപങ്ങൾ ഏറ്റുപറയുന്നതാണ് ഏറ്റവും പ്രധാനം.

## V. ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

21. "കൂദാശകളുടെ കൂദാശ" എന്നറിയപ്പെടുന്ന കൂദാശയേത്?

22. വി. കുർബാനയുടെ പ്രധാന കാർമ്മികൻ ആരാണ്?

23. സുവിശേഷഗ്രന്ഥം ബലിപീഠത്തിന്റെ ഏതുവശത്താണ് സൂക്ഷിക്കുന്നത്?

24. "കാറോസൂസാ" എന്ന വാക്കിന്റെ അർത്ഥമെന്താണ്?

25. "ബൈബിൾ" എന്ന പദത്തിന്റെ അർത്ഥം എന്ത്?

## VI. ബൈബിൾ ഉദ്ധരണി പൂർത്തിയാക്കുക 5

26. "പിതാവേ, .................. എതിരെയും നിന്റെ മുമ്പിലും ഞാൻ പാപം ചെയ്തു. നിന്റെ ............. എന്ന് വിളിക്കപ്പെടുവാൻ ഞാൻ ഇനി യോഗ്യനല്ല" (ലൂക്കാ 15:21).

27. "എന്റെ ശരീരം ................ എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ ............... വസിക്കുന്നു" (യോഹ 6:55).

## VII. ഉത്തരമെഴുതുക

28. ബലിയർപ്പണത്തിന്റെ ഫലങ്ങൾ ഏവ? **3**

29. അനുരഞ്ജനകൂദാശ എന്നാൽ എന്ത്? **3**

30. വി. ചാവറയച്ചന്റെ പുണ്യവചനവും ജീവിതസന്ദേശവും എഴുതുക. **4**

31. വി. അൽഫോൻസാമ്മയുടെ പുണ്യവചനം എഴുതുക. സഹനത്തിലൂടെ തനിക്കും മറ്റുള്ളവർക്കും അനുഗ്രഹങ്ങൾ നേടിയെടുക്കാൻ അൽഫോൻസാമ്മയ്ക്ക് കഴിഞ്ഞിരുന്നു. നിങ്ങളുടെ ജീവിതത്തിലെ സങ്കടങ്ങളും ബുദ്ധിമുട്ടുകളും എങ്ങനെ നന്മയായി മാറ്റുവാൻ നിങ്ങൾക്ക് കഴിയും? **4**

32. അനുരഞ്ജനകൂദാശയ്ക്ക് വേണ്ട കാര്യങ്ങൾ എത്ര? ഏവ? **5**

33. നാമെല്ലാവരും ഈശോയിൽ ഒന്നായിത്തീരുന്നത് എങ്ങനെ? എപ്പോഴും ഈശോയുടെ സാന്നിധ്യത്തിൽ ജീവിക്കുവാൻ നിങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തുക? **6**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
## ക്രിസ്തുമസ് പരീക്ഷ - 2024

| | |
|---|---|
| ക്ലാസ്സ് : V | സമയം : 2 മണിക്കൂർ |
| തീയതി : 08-12-2024 | മാർക്ക് : 70 |

**I. പദപ്പെട്ടിയിൽനിന്നും ഉത്തരം തെരഞ്ഞെടുത്തെഴുതുക** 5

മാറാ, ഈശോ, പത്തുകല്പനകൾ,
കടന്നുപോകൽ, നെബോ

1. പഴയ പ്രമാണങ്ങളെയും പഴയ ഉടമ്പടിയെയും പൂർത്തീകരിക്കാൻ വന്നതാര്?
2. ദൈവം മോശയെ വാഗ്ദത്തദേശം കാണിച്ചുകൊടുത്തത് ഏതു മലയുടെ മുകളിൽ വച്ചാണ്?
3. "പെസഹാ" എന്ന വാക്കിന്റെ അർത്ഥമെന്ത്?
4. മോശയുടെ നിയമത്തിന്റെ രത്നച്ചുരുക്കം?
5. ഇസ്രായേൽജനം കയ്പുള്ള ജലം കണ്ടെത്തിയ സ്ഥലം?

**II. എ - ബി യോട് ചേർക്കുക** 5

6. ജോഷ്വാ - കുട്ടികളുടെ കൂട്ടുകാരൻ
7. ഈശോ - ബ്രദർ ജോയ്ഫുൾ
8. സഭ - സ്നേഹത്തിന്റെ കല്പന
9. വി. ജോൺ ബർക്കുമൻസ് - മോശയുടെ പിൻഗാമി
10. വി. ഡോൺ ബോസ്കോ - തീർത്ഥാടക സമൂഹം

**III. ഒറ്റവാക്കിൽ ഉത്തരമെഴുതുക** 5

11. "കുർബാന" എന്ന സുറിയാനി വാക്കിന്റെ അർത്ഥമെന്ത്?
12. ബലിപീഠം (അൾത്താര) ആരുടെ സിംഹാസനമാണ്?
13. വി. കുർബാനയിൽ തിരുശരീരം സംവഹിക്കാൻ ഉപയോഗിക്കുന്ന തിരുപ്പാത്രത്തിന് പറയുന്ന പേര്?
14. "അഗാപ്പെ" എന്ന പദത്തിന്റെ അർത്ഥം?
15. ഏഷ്യയിലെ ഏറ്റവും വലിയ അൽമായ സംഘടന ഏത്?

## IV. പൂരിപ്പിക്കുക 5

16. മോശയെപ്പോലെ കർത്താവ് മുഖാഭിമുഖം സംസാരിച്ച മറ്റൊരു .................. ഇസ്രായേലിൽ പിന്നീട് ഉണ്ടായിട്ടില്ല.
17. പത്ത് കല്പനകൾ മോശ വഴി നൽകപ്പെട്ടതിനാൽ അവ ............... എന്നാണ് അറിയപ്പെടുന്നത്.
18. ദൈവം ഇസ്രായേൽക്കാരുമായി ഉടമ്പടി ഉറപ്പിക്കുകയും ഉടമ്പടിയുടെ അടയാളമായി .............. നൽകുകയും ചെയ്തു.
19. ഈജിപ്തിനെ ശിക്ഷിക്കാനും ഇസ്രായേലിനെ രക്ഷിക്കാനുമുള്ള തന്റെ പദ്ധതി ദൈവം മോശയ്ക്കും ................ നും വിവരിച്ചുകൊടുത്തു.
20. ഈശോയുടെ കുരിശിലെ മരണം വഴിയാണ് മനുഷ്യൻ ............ൽ നിന്ന് മോചനം നേടിയത്.

## V. ശരിയോ തെറ്റോ എന്ന് എഴുതുക 5

21. ദൈവത്തിനും മനുഷ്യർക്കും പ്രീതികരമായ വിധത്തിൽ ജീവിക്കാൻ കല്പനകൾ നമ്മെ സഹായിക്കും.
22. ഈജിപ്തിന്റെ അതിർത്തിയിൽ എത്തുന്നതുവരെ നാല്പത് വർഷത്തേയ്ക്ക് മന്നാ ആയിരുന്നു അവരുടെ ഭക്ഷണം.
23. ജറീക്കോയിൽ താമസിച്ചുകൊണ്ടാണ് ഇസ്രായേൽക്കാർ കാനാൻ ദേശം കീഴടക്കിയത്.
24. പാപത്തിന്റെ അടിമത്തത്തിൽ നിന്ന് മനുഷ്യവർഗം മോചിതമായതിന്റെ ഓർമ്മയാണ് പുതിയ പെസഹായിൽ കൊണ്ടാടുന്നത്.
25. ദൈവവും ഇസ്രായേലും തമ്മിലുള്ള പരസ്പരബന്ധത്തിന്റെ തെളിവായിരുന്നു ദൈവം മോശ വഴി നൽകിയ പ്രമാണങ്ങൾ.

## VI. ബൈബിൾ ഉദ്ധരണി പൂർത്തിയാക്കുക 4

26. “എന്നെ സ്നേഹിക്കുകയും ................ പാലിക്കുകയും ചെയ്യുന്നവരോട് ....................... തലമുറകൾ വരെ ഞാൻ കരുണ കാണിക്കും” (പുറപ്പാട് 20:6).
27. “ഞാൻ തന്നെ ........................ വരുകയും നിനക്ക് ................... നൽകുകയും ചെയ്യും” (പുറപ്പാട് 33:14).

## VII. ഉത്തരമെഴുതുക

28. എന്തിന്റെ ഓർമ്മയ്ക്കായിട്ടാണ് ജോഷ്വാ ഗിൽഗാലിൽ സ്മാരകം നിർമ്മിച്ചത്? **2**

29. ഇസ്രായേൽ ജനം എന്തിനുവേണ്ടിയാണ് പെസഹാത്തിരുനാൾ ആചരിച്ചിരുന്നത്? **2**

30. ഈശോ നമുക്കു നൽകിയ പുതിയ കല്പന എന്ത്? **2**

31. ദൈവം ഈജിപ്തിനുമേൽ പത്ത് ബാധകൾ അയയ്ക്കാൻ കാരണമെന്ത്? **3**

32. പുതിയ ഇസ്രായേലായ സഭയിൽ എത്രതരം കല്പനകൾ ഉണ്ട്? ഏതെല്ലാം? **3**

33. ഇസ്രായേൽക്കാരുടെ മരുഭൂമിയാത്ര നമുക്കു നൽകുന്ന പാഠമെന്ത്? **3**

34. വി. ഡോൺ ബോസ്കോയുടെ ജീവിതസന്ദേശവും പുണ്യവചനവും എഴുതുക? **4**

35. ഉടമ്പടിയുടെ ജനത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം? **4**

36. വി. ജോൺ ബർക്കുമൻസിന്റെ ജീവിതസന്ദേശം എഴുതുക? വിശുദ്ധ കുർബാനയുടെ പ്രത്യേക ഭക്തനായിരുന്നു വി. ജോൺ ബർക്കുമൻസ്. വിശുദ്ധന്റെ ജീവിതമാതൃക അനുകരിച്ച് നിങ്ങൾക്ക് ഏതെല്ലാം വിധത്തിൽ ദിവ്യകാരുണ്യഭക്തിയിൽ വളരാൻ കഴിയും? **4**

37. ദൈവം മോശവഴി നൽകിയ പത്ത് പ്രമാണങ്ങളുടെ ഉള്ളടക്കം എന്തായിരുന്നു? **4**

38. കൂദാശകൾ എത്ര? ഏവ? **5**

39. ഓരോ മനുഷ്യന്റെയും അന്തിമമായ ലക്ഷ്യമെന്ത്? കാനാൻദേശത്തെ ലക്ഷ്യമാക്കി യാത്രചെയ്ത ഇസ്രായേൽ ജനത്തെപ്പോലെ നിങ്ങൾ ഏതെല്ലാം വിധത്തിൽ സ്വർഗത്തെ ലക്ഷ്യമാക്കി ജീവിക്കും? **5**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
## ക്രിസ്തുമസ് പരീക്ഷ - 2024

**ക്ലാസ്സ് : VI** | **സമയം : 2 മണിക്കൂർ**
**തീയതി : 08-12-2024** | **മാർക്ക് : 70**

**I. പദപ്പെട്ടിയിൽനിന്നും ശരിയായ ഉത്തരം എടുത്തെഴുതുക 5**

പത്രോസ്, സ്നേഹിതാ, വി. ഇഗ്നേഷ്യസ് ലയോള,
യോനാ, വി. പത്താം പിയൂസ്

1. ചുംബനത്താൽ ഒറ്റിക്കൊടുക്കാൻ ചെന്ന യൂദാസിനെ ഈശോ വിളിച്ചത്?
2. അലസത വെറുത്തിരുന്ന വ്യക്തി?
3. ഈശോയുടെ പീഡാനുഭവ പ്രവചനങ്ങൾ കേട്ടപ്പോൾ ഈശോയെ മാറ്റിനിർത്തി തടസ്സം പറഞ്ഞതാര്?
4. നിനെവേയുടെ മാനസാന്തരത്തിനായി പ്രസംഗിച്ചതാര്?
5. മതപഠനത്തിന്റെ പാപ്പ എന്ന പേരിൽ അറിയപ്പെടുന്നതാര്?

**II. എ - ബിയോട് ചേർക്കുക 5**

6. റബ്ബോനി - കർദ്ദിനാൾ സംഘത്തിലെ പവിഴം
7. പരിഹാരപ്രദക്ഷിണം - ഗുരു
8. വി. ഇഗ്നേഷ്യസ് ലയോള - പത്രോസ്
9. കേസറിയ ഫിലിപ്പി - ആദ്ധ്യാത്മിക അഭ്യാസങ്ങൾ
10. വി. പത്താം പിയൂസ് - ദുഃഖവെള്ളി

**III. പൂരിപ്പിക്കുക 5**

11. പാനപാത്രം മാറ്റിക്കൊടുക്കാനല്ല, ഈശോയ്ക്ക് ............... ഏറ്റെടുക്കാനുള്ള ശക്തി കൊടുക്കാനാണ് പിതാവ് തിരുമനസ്സായത്.
12. ഉയിർപ്പുതിരുനാളിന് ശേഷമുള്ള ഞായറാഴ്ചയെ .................. എന്ന് വിളിക്കുന്നു.
13. ദിവ്യബലിയിലെ പരസ്പരമുള്ള സമാധാനാശംസയും അനുരഞ്ജന ശുശ്രൂഷയും ............... നുള്ള ആഹ്വാനമാണ് നൽകുന്നത്.

14. ശൂന്യമായ കല്ലറ .................. നുള്ള തെളിവാണ്.

15. പ്രവാചകൻമാർ വിവരിക്കുന്ന സഹനദാസന്റെ രൂപം .................. ൽ നാം കാണുന്നു.

**IV. സംഭവങ്ങൾ ക്രമത്തിൽ എഴുതുക** **5**

**(വാക്യത്തെ കുറിക്കുന്ന നമ്പർ ക്രമത്തിൽ എഴുതിയാൽ മതി)**

16. (എ) അപ്പോൾ അവനെ ശക്തിപ്പെടുത്താൻ സ്വർഗ്ഗത്തിൽനിന്ന് ഒരു ദൂതൻ പ്രത്യക്ഷപ്പെട്ടു.

(ബി) ഒലിവുമലയിൽ എത്തിയപ്പോൾയേശു ശിഷ്യരോടു പറഞ്ഞു: "നിങ്ങൾ പരീക്ഷയിൽ ഉൾപ്പെടാതിരിക്കുവാൻ പ്രാർത്ഥിക്കുവിൻ".

(സി) "പിതാവേ, അങ്ങേയ്ക്ക് ഇഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് അകറ്റണമേ. എങ്കിലും, എന്റെ ഹിതമല്ല അവിടുത്തെ ഹിതം നിറവേറട്ടെ!"

(ഡി) അവൻ അവരിൽനിന്ന് ഒരുകല്ലേറു ദൂരം മാറി മുട്ടിൻമേൽ വീണ് പ്രാർത്ഥിച്ചു.

(ഇ) അവൻ തീവ്രവേദനയിൽ മുഴുകി കൂടുതൽ തീഷ്ണമായി പ്രാർത്ഥിച്ചു. ഈശോയുടെ വിയർപ്പ് രക്തതുള്ളികൾ പോലെ നിലത്തുവീണു.

**V. ഒറ്റവാക്കിൽ ഉത്തരമെഴുതുക** **5**

17. "വി. കുർബാന കൂദാശകളുടെ അമ്മയാണ്." ഇപ്രകാരം പറഞ്ഞതാര്?

18. "മദ്ബഹ" എന്തിന്റെ പ്രതീകമാണ്?

19. ദൈവാലയത്തിൽ ആരാധനാസമൂഹം സമ്മേളിക്കുന്ന സ്ഥലം?

20. വി. കുർബാനയിൽ തിരുരക്തം സംവഹിക്കാൻ ഉപയോഗിക്കുന്ന തിരുപ്പാത്രം ഏത്?

21. സീറോമലബാർ സഭയിൽ നിന്നും ഈ വർഷം കർദ്ദിനാൾ പദവിയിലേക്ക് ഉയർത്തപ്പെട്ട വ്യക്തി?

**VI. ബൈബിൾ ഉദ്ധരണി പൂർത്തിയാക്കുക** **5**

22. "അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊൻപതു ................. എന്നതിനേക്കാൾ അനുതപിക്കുന്ന ഒരു ................. സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകും" (ലൂക്കാ 15:7).

23. "നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി അവൻ ................ നമ്മുടെ അകൃത്യങ്ങൾക്കുവേണ്ടി ................." (ഏശ 53:5).

## VII. ഉത്തരമെഴുതുക

24. നഷ്ടപ്പെട്ടുപോയ ആടിന്റെ ഉപമയിലെ സന്ദേശം എന്താണ്? 2
25. വി. പത്താം പിയൂസിന്റെ ജീവിതസന്ദേശം എഴുതുക? 2
26. ഗത്സേമനിലെ ഈശോയുടെ പ്രാർത്ഥന എന്തായിരുന്നു? 2
27. യോനായുടെ അടയാളം ഈശോയിൽ യാഥാർത്ഥ്യമായത് എങ്ങനെ? 3
28. ഈശോ ശത്രുസ്നേഹത്തിന്റെ മാതൃക നല്കിയത് എങ്ങനെ? 3
29. വി. ഇഗ്നേഷ്യസ് ലയോളയുടെ പുണ്യവചനം എഴുതുക? വിശുദ്ധന്റെ ജീവിത മാതൃക അനുകരിച്ച് നിങ്ങൾക്ക് ഏതെല്ലാം വിധത്തിൽ ഈശോയ്ക്ക് സാക്ഷ്യം വഹിക്കാൻ സാധിക്കും? 4
30. പത്രോസിനോട് "സാത്താനെ എന്റെ മുൻപിൽ നിന്ന് പോകൂ" എന്ന് ഈശോ പറഞ്ഞതെപ്പോൾ? 4
31. ഉത്ഥാനശേഷമുള്ള ഈശോയുടെ പ്രത്യക്ഷപ്പെടലുകളിൽ ഏതെങ്കിലും ഒരെണ്ണം വിവരിക്കുക? 4
32. ദൈവസന്നിധിയിൽ പ്രതികാരത്തിനായി ആവശ്യപ്പെടുന്ന പാപങ്ങൾ എത്ര? ഏവ? 5
33. പാപങ്ങൾ മോചിക്കപ്പെട്ടവരോട് ഈശോ ആവശ്യപ്പെടുന്നത് എന്താണ്? നിങ്ങൾ വി. കുമ്പസാരം ഒരുക്കത്തോടെയാണോ നടത്തുന്നത്? എപ്പോഴെങ്കിലും പാപത്തിൽ വീണുപോയാൽ അതിൽനിന്നും പിൻതിരിയാൻ നിങ്ങൾ എന്തെല്ലാം കാര്യങ്ങൾ ചെയ്യും? 5
34. ബലിയർപ്പിക്കാൻ വരുമ്പോൾ ആർക്കെങ്കിലും നമ്മോട് വിരോധമുണ്ടെന്ന് തോന്നിയാൽ എന്തുചെയ്യണമെന്നാണ് ഈശോ പഠിപ്പിക്കുന്നത്? മറ്റുള്ളവർ നിങ്ങളെ വേദനിപ്പിക്കുന്ന സന്ദർഭങ്ങളിൽ അവരോടുള്ള നിങ്ങളുടെ പെരുമാറ്റം എങ്ങനെ ഉള്ളതായിരിക്കും? 6

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
## ക്രിസ്തുമസ് പരീക്ഷ - 2024

ക്ലാസ്സ് : VII　　　　സമയം : 2 മണിക്കൂർ
തീയതി : 08-12-2024　　　　മാർക്ക് : 70

---

**I. പദപ്പെട്ടിയിൽ നിന്ന് ഉത്തരം എടുത്തെഴുതുക** **5**

ക്രൈസ്തവൻ, നുണ, പൊതുസ്വത്ത്, കൊലപാതകം, വിവാഹം

1. സമൂഹത്തിന് പൊതുവായുള്ളതും എല്ലാവർക്കും അവകാശമുള്ളതുമെന്ത്?
2. സ്വന്തം ബോധ്യത്തിനും അറിവിനും എതിരായി സംസാരിക്കുന്നത്?
3. മരണംവരെ നീണ്ടുനില്ക്കുന്ന ബന്ധം?
4. എല്ലാ വിശുദ്ധിയുടെയും മാതൃകയായ മിശിഹായെ ധരിച്ചിരിക്കുന്നതാര്?
5. വിദ്വേഷത്തോടെയോ ദുരുദ്ദേശ്യത്തോടെയോ ബോധപൂർവ്വം നടത്തുന്ന മനുഷ്യവധം?

**II. പൂരിപ്പിക്കുക** **5**

6. ആത്മാവിന്റെയും ശരീരത്തിന്റെയും ആരോഗ്യസംരക്ഷണം ................ ന്റെ കടമയാണ്.
7. വിവാഹത്തിനുപുറമേയുള്ള എല്ലാ ലൈംഗികബന്ധങ്ങളും ലൈംഗിക ................ ക്ക് എതിരായ തിന്മയാണ്.
8. അപരന്റെ സ്വത്തിന്റെ അപഹരണം ..................... ആണ്.
9. ഒരാൾ തെറ്റുകാരനാണെന്ന് വ്യാജമായി പറയുകയും അതിന് സാക്ഷ്യം നില്ക്കുകയുമാണ് ................. നശിപ്പിക്കുന്നതിലൂടെ ചെയ്യുന്നത്.
10. വി. മരിയ ഗൊരേത്തി ............... ലും മാതാവിനോടുള്ള ഭക്തിയിലും വളർന്നു.

**III. ചേരുംപടി ചേർക്കുക** **5**

| | | |
|---|---|---|
| 11. ഉടമ്പടിയുടെ കൂദാശ | - | പാപത്തേക്കാൾ മരണം |
| 12. അവകാശപ്പെട്ടത് നല്കുന്നത് | - | ബാലനായ പട്ടാളക്കാരൻ |
| 13. വി. അലോഷ്യസ് ഗോൺസാഗാ | - | വിവാഹം |
| 14. വി. മരിയ ഗൊരേത്തി | - | എട്ടാം പ്രമാണം |
| 15. സത്യസന്ധമായി സംസാരിക്കുക | - | നീതി |

**IV. ശരിയോ, തെറ്റോ എന്ന് എഴുതുക** **5**

16. മോഷണം നടത്തിയാൽ മോഷ്ടിച്ച വസ്തു തിരികെ കൊടുക്കാനുള്ള ഉത്തരവാദിത്വമുണ്ട്.
17. സാവധാനമുള്ള ആത്മഹത്യയ്ക്ക് തുല്യമാണ് ലഹരിവസ്തുക്കളുടെ ഉപയോഗം.
18. കോപ്പിയടിക്കുന്നതും അതിന് സഹായിക്കുന്നതും സത്യസന്ധതയ്ക്ക് വിരുദ്ധമായ തിന്മയല്ല.
19. മിശിഹായും സഭയും തമ്മിലുള്ള ബന്ധമാണ് വിവാഹ ബന്ധത്തിന്റെ മാതൃകയായി വി. യാക്കോബ് ശ്ലീഹാ അവതരിപ്പിക്കുന്നത്.
20. സ്ത്രീയോ പുരുഷനോ ആയിരിക്കുക എന്നതാണ് ലൈംഗികതയുടെ അടിസ്ഥാനം.

**V. ഒറ്റവാക്കിൽ ഉത്തരമെഴുതുക.** **5**

21. മാർ സ്ലീവാ എന്തിന്റെ പ്രതീകമാണ്?
22. “ബേമ്മ” എന്തിന്റെ പ്രതീകമാണ്?
23. കൂദാശ ചെയ്ത തിരുവോസ്തി സൂക്ഷിച്ചു വയ്ക്കാൻ ഉപയോഗിക്കുന്ന തിരുപ്പാത്രത്തിന്റെ പേര്?
24. “മിഷനറി” എന്ന പദത്തിന്റെ അർത്ഥമെന്ത്?
25. ഏഷ്യയിലെ ഏറ്റവും വലിയ അൽമായ സംഘടന ഏത്?

**VI. ബൈബിളിൽനിന്ന് ഉദ്ധരിക്കുക** **5**

26. ദൈവരാജ്യം അവകാശമാക്കുവാൻ സാധിക്കാത്തവരെക്കുറിച്ചുള്ള വി. പൗലോസ് ശ്ലീഹായുടെ പ്രബോധനം കോറിന്തോസുകാർക്കുള്ള ഒന്നാം ലേഖനത്തിൽ നിന്ന് (1 കോറി 6:10).
27. ഹൃദയശുദ്ധി ഉള്ളവർക്ക് ഈശോ വാഗ്ദാനം ചെയ്തിരിക്കുന്ന സൗഭാഗ്യം വി. മത്തായിയുടെ സുവിശേഷത്തിൽ നിന്ന് (മത്താ 5:8).

## VII. ഉത്തരമെഴുതുക

28. ലൈംഗികവിശുദ്ധിക്ക് എതിരായ പാപങ്ങളേവ? **2**

29. ജീവൻ സംരക്ഷിക്കേണ്ടത് മനുഷ്യന്റെ പ്രധാനപ്പെട്ട കടമയാണ്. എന്തുകൊണ്ട്? **2**

30. വി. മരിയ ഗൊരേത്തിയുടെ ജീവിതസന്ദേശം, പുണ്യവചനം എന്നിവ എഴുതുക? **3**

31. മോഷണം നടത്തിയ വ്യക്തി എങ്ങനെയാണ് പരിഹാരം ചെയ്യേണ്ടത്? **3**

32. വി. അലോഷ്യസ് ഗോൺസാഗായുടെ പുണ്യവചനം എഴുതുക? ഈ വചനം ജീവിതത്തിൽ പ്രാവർത്തികമാക്കാൻ നിങ്ങൾക്ക് എങ്ങനെയെല്ലാം സാധിക്കും? **4**

33. നല്ല കുടുംബങ്ങളാണ് സഭയുടെയും സമൂഹത്തിന്റെയും നട്ടെല്ല്. വ്യക്തമാക്കുക. **4**

34. കള്ളം പറയുന്നത് തിന്മയാണ്. എന്തുകൊണ്ട്? കള്ളം പറയുന്ന ശീലമുള്ള സുഹൃത്തിന് നിങ്ങൾക്ക് എപ്രകാരം സത്യസന്ധതയുടെ പ്രാധാന്യം മനസ്സിലാക്കി കൊടുക്കാൻ സാധിക്കും? **5**

35. മനഃസ്താപപ്രകരണം എഴുതുക? **5**

36. ലൈംഗികവിശുദ്ധി പാലിക്കാൻ സഹായകമായ കാര്യങ്ങൾ ഏവ? ലൈംഗികവിശുദ്ധിക്കെതിരായ തിന്മകൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ നിങ്ങൾക്ക് എപ്രകാരം ലൈംഗികവിശുദ്ധി പാലിച്ച് ജീവിക്കാൻ സാധിക്കും? **6**

37. ലഹരിവസ്തുക്കളുടെ ഉപയോഗം തിന്മയാണ്. എന്തുകൊണ്ട്? ലഹരിവസ്തുക്കൾക്ക് അടിമയായ ഒരു സുഹൃത്തിനെ അതിൽ നിന്നും മോചിപ്പിക്കാൻ നിങ്ങൾ എന്തെല്ലാം നിർദ്ദേശങ്ങൾ നൽകും? **6**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
## ക്രിസ്തുമസ് പരീക്ഷ - 2024

| | |
|---|---|
| ക്ലാസ്സ് : VIII | സമയം : 2 മണിക്കൂർ |
| തീയതി : 08-12-2024 | മാർക്ക് : 70 |

## I. ശരിയായ ഉത്തരം എടുത്തെഴുതുക 5

1. പേർഷ്യൻ പാത്രിയാർക്കീസിനാൽ നിയമിതനായ അവസാനത്തെ മെത്രാപ്പോലീത്ത.
   (മാർ സൈമൺ, മാർ അബ്രാഹം, മാർ യാക്കോബ്)
2. പുരോഹിത അഭിഷേകത്തെക്കുറിച്ച് വിവരിച്ചിരിക്കുന്ന പഴയനിയമ പുസ്തകം.
   (ലേവ്യർ, സംഖ്യ, നിയമാവർത്തനം)
3. “ആവശ്യക്കാരനെ സഹായിച്ചുകൊണ്ട് നമ്മുടെ വിശ്വാസം പ്രവൃത്തിയിലൂടെ തെളിയിക്കണം.” ഇപ്രകാരം പഠിപ്പിച്ച ശ്ലീഹാ?
   (പൗലോസ് ശ്ലീഹാ, യാക്കോബ് ശ്ലീഹാ, പത്രോസ് ശ്ലീഹാ)
4 ദൈവത്താൽ അയയ്ക്കപ്പെട്ട ആദ്യപ്രേഷിതൻ.
   (ഏശയ്യാ, ജറെമിയ, ഈശോ)
5. മിശിഹായിലൂടെ യാഥാർത്ഥ്യമാകാനിരുന്ന ദൈവരാജ്യത്തിന്റെ പ്രതിരൂപം.
   (കാനാൻദേശം, ബെത്‌ലഹെം, നസ്രത്ത്)

## II. പൂരിപ്പിക്കുക 5

6. ഈശോയെപ്പോലെ ഈ ലോകത്തിൽ ............ ന് സാക്ഷ്യംവഹിക്കുവാൻ പ്രവാചകദൗത്യം നമ്മെ കടപ്പെടുത്തുന്നു.
7. പുരോഹിതജനമായ സഭയുടെ പരമോന്നതമായ ആരാധന ............... ആണ്.
8. ആദിമക്രൈസ്തവസമൂഹത്തിന് പങ്കുവയ്ക്കുന്നതിനു പ്രചോദനം നല്കിയത് .................. ലുള്ള പ്രതീക്ഷയായിരുന്നു.
9. മാമ്മോദീസാ സ്വീകരിക്കുന്നതോടുകൂടി ഒരു വ്യക്തി സഭയുടെ ................... ദൗത്യത്തിൽ പങ്കുചേരുന്നു.
10. വിശ്വാസിയായ ഏതൊരു മനുഷ്യന്റെയും ജീവിതലക്ഷ്യം ................ ആണ്.

## III. ഉത്തരമെഴുതുക 5

11. പഴയനിയമത്തിൽ ദൈവത്തിന് ആരാധനയർപ്പിക്കാൻ മാറ്റിവയ്ക്കപ്പെട്ടവൻ ആര്?
12. കാരുണ്യപ്രവർത്തനങ്ങൾ വഴി ലോകത്തിന്റെ അമ്മയായി മാറിയ വിശുദ്ധ ആര്?
13. ഈ ലോകത്തിൽ ദൈവരാജ്യം വളർത്താൻ ഈശോ നിക്ഷേപിച്ച പുളിമാവ് ആര്?
14. കേരളത്തിൽ വി. തോമ്മാശ്ലീഹായുടെ പൂജ്യാവശിഷ്ടം സ്ഥാപിതമായിരിക്കുന്ന സ്ഥലം?
15. നന്മ ചെയ്തവരെ മഹത്വീകരിക്കുകയും തിന്മ ചെയ്തവരെ ശിക്ഷിക്കുകയും ചെയ്യുന്ന മഹത്വപൂർണമായ കർമ്മം?

## IV. ചേരുംപടി ചേർക്കുക 5

16. വി. ഫ്രാൻസീസ് സേവ്യർ - അഗതികൾക്ക് ആലംബം
17. വി. തോമ്മാശ്ലീഹാ - രക്ഷയുടെ ഭവനം
18. ഈശോ - ബോം ജീസസ്സ് ബസിലിക്കാ
19. വി. വിൻസെന്റ് ഡി പോൾ - മൈലാപ്പൂർ
20. ബേസ് പുർക്കാനാ - ഏറ്റവും വലിയ പ്രവാചകൻ

## V. ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

21. "കുർബാന" എന്ന സുറിയാനി വാക്കിന്റെ അർത്ഥമെന്ത്?
22. "വി. കുർബാന എന്തെന്ന് തിരിച്ചറിഞ്ഞാൽ സന്തോഷംകൊണ്ട് ഞാൻ മരിക്കും." ആരുടേതാണ് ഈ വാക്കുകൾ?
23. സുവിശേഷഗ്രന്ഥം ബലിപീഠത്തിന്റെ ഏതുവശത്താണ് സൂക്ഷിക്കുന്നത്?
24. "കാറോസൂസാ" എന്ന വാക്കിന്റെ അർത്ഥമെന്ത്?
25. ചെറുപുഷ്പമിഷൻ ലീഗിന്റെ മുദ്രാവാക്യം?

## VI. ബൈബിളിൽ നിന്നും ഉദ്ധരിക്കുക 4

26. മറ്റുള്ളവർക്കു നല്കുന്ന സഹായങ്ങൾ ദൈവത്തിനുതന്നെ നൽകുന്ന സഹായമാണെന്ന് വ്യക്തമാക്കുന്ന തിരുവചനം വി. മത്തായിയുടെ സുവിശേഷത്തിൽ നിന്ന് (മത്താ 25:40).

27. ഈശോ തന്റെ സ്വർഗ്ഗാരോഹണവേളയിൽ ശിഷ്യർക്ക് നല്കിയ പ്രേഷിതദൗത്യം വി. മർക്കോസിന്റെ സുവിശേഷത്തിൽ നിന്ന് (മർക്കോ 16:15).

## VII. ഉത്തരം എഴുതുക

28. പാപം എന്നാൽ എന്ത്? **2**

29. പ്രവാചകന്റെ ദൗത്യങ്ങളേവ? **2**

30. ശുദ്ധതയിൽ വളരാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങളിൽ ആറെണ്ണം എഴുതുക? **3**

31. സഭ തന്റെ പ്രേഷിതദൗത്യം ഏതൊക്കെ വിധത്തിലാണ് നിർവ്വഹിക്കുന്നത്? **3**

32. പുതിയനിയമത്തിലെ പുരോഹിതജനമായ നാം എങ്ങനെയാണ് പൊതുപൗരോഹിത്യശുശ്രൂഷ നിർവഹിക്കേണ്ടത്? **3**

33. ഉത്ഥാനത്തിലുള്ള പ്രത്യാശയാണ് ഒരുവന് പങ്കുവയ്ക്കുന്നതിനുള്ള പ്രേരണ നല്കുന്നത്. വിശദമാക്കുക. **3**

34. വി. കുർബാനയാണ് ഏറ്റവും ശ്രേഷ്ഠമായ ആരാധന. സമർത്ഥിക്കുക. വി. കുർബാനയിലെ പങ്കാളിത്തം കൂടുതൽ സജീവമാക്കാൻ നിങ്ങൾ എന്തൊക്കെ ചെയ്യും? **4**

35. ആരോഗ്യപരമായ വ്യക്തിബന്ധത്തിന്റെ ലക്ഷണങ്ങളിൽ പത്തെണ്ണം എഴുതുക? **5**

36. മൂലപാപങ്ങളും അവയ്ക്കെതിരായ പുണ്യങ്ങളും എഴുതുക. **5**

37. സഭയുടെ അടിസ്ഥാന സ്വഭാവമാണ് പങ്കുവയ്ക്കൽ. വ്യക്തമാക്കുക. സഭയുടെ ഈ പങ്കുവയ്ക്കൽ സ്വഭാവത്തിൽ നിങ്ങൾക്ക് എപ്രകാരം പങ്കുചേരാൻ സാധിക്കും? **5**

38. ശുദ്ധീകരണസ്ഥലം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്? ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളെ നമുക്ക് എങ്ങനെയൊക്കെ സഹായിക്കുവാൻ സാധിക്കും? **6**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
## ക്രിസ്തുമസ് പരീക്ഷ - 2024

**ക്ലാസ്സ് : IX** **സമയം : 2 മണിക്കൂർ**
**തീയതി : 08-12-2024** **മാർക്ക് : 70**

---

**I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** **5**

1. വി. കുർബാനയുടെ കൂദാശാഭാഗം എന്ന് വിശേഷിപ്പിക്കുന്നത്?
(വിഭജനശുശ്രൂഷ, സമാപനശുശ്രൂഷ, അനാഫൊറ)
2. വിശ്വാസജീവിതത്തിന്റെ അടിസ്ഥാനമായ ദൈവികവെളിപാടിന്റെ ഉറവിടം?
(ദൈവവചനം, നൊവേനകൾ, കൂദാശകൾ)
3. പരിശുദ്ധാത്മാവിനെ നമുക്ക് പ്രദാനംചെയ്യുന്ന രക്ഷാകരമായ അടയാളങ്ങൾ?
(ആരാധന, കൂദാശാനുകരണങ്ങൾ, കൂദാശകൾ)
4. വി. കുർബാനയുടെ പാപമോചകസ്വഭാവം വ്യക്തമാക്കുന്ന കർമ്മം.
(ദൈവൈക്യശുശ്രൂഷ, വിഭജനശുശ്രൂഷ, സമാപനശുശ്രൂഷ)
5. എത്രാമത്തെ പ്രണാമജപവൃത്തത്തിലാണ് ദൈവം വർഷിച്ച സമൃദ്ധമായ അനുഗ്രഹങ്ങൾക്ക് നന്ദി പറയുന്നത്?
(നാലാം പ്രണാമജപവൃത്തം, ഒന്നാം പ്രണാമജപവൃത്തം, മൂന്നാം പ്രണാമജപവൃത്തം)

**II. പൂരിപ്പിക്കുക** **5**

6. വിശുദ്ധീകരിക്കുന്നവനായ മിശിഹായെത്തന്നെ നമുക്ക് നൽകിക്കൊണ്ട് ................. മിശിഹായുടെ കൂദാശയായി വർത്തിക്കുന്നു.
7. മാമ്മോദീസായിലൂടെ ............... നമ്മെ ദൈവമക്കളാക്കി മാറ്റുന്നു.
8. അൾത്താരയിൽ ദിവ്യരഹസ്യങ്ങളെ കുരിശാകൃതിയിൽ ഉയർത്തുന്നത് ഈശോയുടെ ................... സൂചിപ്പിക്കുന്നു.
9. ദൈവൈക്യശുശ്രൂഷയുടെ പ്രധാനഘടകം ................വും അതുവഴി ലഭ്യമാകുന്ന ദൈവൈക്യവുമാണ്.
10. വിശ്വാസത്തോടും സ്നേഹത്തോടും പ്രാർത്ഥനയോടുംകൂടി ദൈവവചനം ശ്രവിക്കുന്നവരിൽ ................. നിലകൊള്ളും.

**III ചേരുംപടി ചേർക്കുക** **5**

| | | |
|---|---|---|
| 11. കപാലം | - | ഈശോ |
| 12. കൂദാശ | - | ഗാഗുൽത്ത |
| 13. വെളിപാടിന്റെ പൂർണ്ണത | - | വിശുദ്ധീകരിക്കുന്ന കർമ്മം |
| 14. വി. കുർബാന | - | അഭിഷിക്തൻ |
| 15. മിശിഹാ | - | ബലിയും വിരുന്നും |

**IV. പേരെഴുതുക** **5**

16. വി. കുർബാനയെ വി. പൗലോസ് ശ്ലീഹാ വിശേഷിപ്പിക്കുന്നത് എങ്ങനെയാണ്?
17. "എനിക്ക് വിശുദ്ധ കുർബാന അർപ്പിക്കുവാൻ കഴിയുന്നില്ല എന്ന് നിങ്ങൾ കേൾക്കുമ്പോൾ ഞാൻ മരിച്ചതായി നിങ്ങൾ കണക്കാക്കണം" എന്നുപറഞ്ഞ വിശുദ്ധൻ ആര്?
18. "ബേമ്മ" എന്തിന്റെ പ്രതീകമാണ്?
19. വി. കുർബാനയിൽ തിരുരക്തം സംവഹിക്കാൻ ഉപയോഗിക്കുന്ന തിരുപ്പാത്രം ഏത്?
20. വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ ജപമാലയിൽ കൂട്ടിച്ചേർത്ത രഹസ്യത്തിന്റെ പേരെന്ത്?

**V. ഒറ്റവാക്കിൽ ഉത്തരമെഴുതുക** **5**

21. ദൈവരാജ്യത്തിനായി കുഞ്ഞുങ്ങളെ മുദ്രവയ്ക്കുന്ന കർമ്മമായി മാമ്മോദീസായെ കണ്ട സഭാപിതാവ് ആര്?
22. "രക്ഷയുടെ സദ്വാർത്തയായ സത്യത്തിന്റെ വചനമെന്ന്" ദൈവവചനത്തെ വിശേഷിപ്പിച്ച ശ്ലീഹാ?
23. ഈശോയിലൂടെ വെളിവാകുന്ന ദൈവസ്നേഹത്തിന്റെ അനുഭവം?
24. "മണ്ണായിത്തീരുന്നത് ശരീരമാണ്; മരിക്കാത്ത ആത്മാവ് സ്വർഗത്തിലേക്ക് ഉയരും." ആരുടേതാണ് ഈ വാക്കുകൾ?
25. വി. ജാന്ന ബെറേത്ത മൊള്ളയെ വിശുദ്ധയായി പ്രഖ്യാപിച്ച മാർപാപ്പ?

**VI ബൈബിളിൽ നിന്നും ഉദ്ധരിക്കുക** **5**

26. സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനുള്ള അവശ്യവ്യവസ്ഥയായി ഈശോ പഠിപ്പിക്കുന്ന വചനം വി. മത്തായിയുടെ സുവിശേഷത്തിൽ നിന്ന് (മത്താ 7:21).

27. ഈശോ തന്റെ സ്വർഗ്ഗാരോഹണവേളയിൽ ശിഷ്യർക്ക് നല്കിയ പ്രേഷിതദൗത്യം വി. മർക്കോസിന്റെ സുവിശേഷത്തിൽ നിന്ന് (മർക്കോ 16:15).

## VII ഉത്തരമെഴുതുക

28. വി. കുർബാനയുടെ സ്ഥാപനവിവരണത്തിൽ നാം അനുസ്മരിക്കുന്നതെന്ത്? **2**

29. സന്തോഷത്തിന്റെ മുഖമുദ്രയായി വി. ജാന്ന ബെറേത്ത നമുക്ക് നൽകുന്ന സന്ദേശമെന്ത്? **2**

30. പ്രവേശകകൂദാശകൾ എന്നാൽ എന്ത്? അവയെ അങ്ങനെ വിളിക്കാൻ കാരണമെന്ത്? **3**

31. വി. കുർബാന വിശുദ്ധർക്കുള്ളതാകുന്നുവെന്ന ഉത്ബോധനം നമ്മെ അനുസ്മരിപ്പിക്കുന്നതെന്ത്? **3**

32. നമ്മുടെ ജീവിതകാലഘട്ടങ്ങളെ വിശുദ്ധീകരിക്കുകയും ദൈവകൃപയാൽ നമ്മെ വളർത്തുകയും ചെയ്യുന്നവയാണ് കൂദാശകൾ. ക്രൈസ്തവജീവിതത്തിൽ കൂദാശകൾക്കുള്ള സ്ഥാനം വ്യക്തമാക്കുക? **4**

33. ദിവ്യരഹസ്യഗീതസമയത്തെ കർമ്മാനുഷ്ഠാനങ്ങൾ ഏവ? അവയുടെ പ്രതീകാത്മകമായ അർത്ഥമെന്ത്? **4**

34. മാമ്മോദീസാവഴി പുനർജന്മം ലഭിച്ച വ്യക്തിയെ തൈലാഭിഷേക കൂദാശ ക്രൈസ്തവ പക്വതയിലേക്ക് നയിക്കുന്നു. വിശദമാക്കുക. പരിശുദ്ധാത്മാവിനെ സ്വീകരിച്ച നിങ്ങൾക്ക് ഏതെല്ലാം വിധത്തിൽ ഈശോയ്ക്ക് സാക്ഷ്യം വഹിക്കുവാൻ കഴിയും? **5**

35. ദൈവകല്പനകൾ എഴുതുക. **5**

36. ക്രൈസ്തവജീവിതത്തിൽ ദൈവവചനത്തിനുള്ള പ്രാധാന്യമെന്ത്? "ക്രൈസ്തവജീവിതവും ദൈവവചനവും" എന്ന പാഠം പഠിച്ചതിന്റെ വെളിച്ചത്തിൽ നിങ്ങൾക്ക് എപ്രകാരം വചനാധിഷ്ഠിതമായ ജീവിതം നയിക്കാൻ സാധിക്കും? **6**

37. വി. ജോൺ മരിയ വിയാനി നമുക്ക് നൽകുന്ന ജീവിതസന്ദേശമെന്ത്? വിശുദ്ധന്റെ ജീവിത മാതൃക ഉൾക്കൊണ്ട് അനേകരെ വിശ്വാസജീവിതത്തിൽ ആഴപ്പെടുത്താൻ നിങ്ങൾക്ക് എങ്ങനെ കഴിയും? **6**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
## ക്രിസ്തുമസ് പരീക്ഷ - 2024

ക്ലാസ്സ് : X    സമയം : 2 മണിക്കൂർ
തീയതി : 08-12-2024    മാർക്ക് : 70

## I. ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക    5

1. ഏറ്റവും മഹത്തായ പ്രേഷിതപ്രവർത്തനം?
   (ജീവകാരുണ്യപ്രവർത്തികൾ, സുവിശേഷപ്രഘോഷണം, അഗതിസംരക്ഷണം)
2. ദൈവവചനത്തിന്റെ കാതൽ?
   (സത്യം, സ്നേഹം, സഹനം)
3. ആവശ്യക്കാരന് നേരെ കണ്ണടയ്ക്കുന്നത് നരകത്തിനർഹമാക്കുന്ന പാപമാണെന്ന് പഠിപ്പിക്കുന്ന ഉപമ?
   (സക്കേവൂസിന്റെ ഉപമ, പത്ത് കന്യകമാരുടെ ഉപമ, ധനവാന്റെയും ലാസറിന്റെയും ഉപമ)
4. ഈശോയുടെ രക്ഷാകരദൗത്യം തുടരാൻ നിയുക്തയായിരിക്കുന്നത് ആര്?
   (വൈദികർ, സഭ, സമർപ്പിതർ)
5. സ്ഥാപക ശ്ലീഹായുടെ പേരിൽ അറിയപ്പെടുന്ന ഏകസഭ?
   (മാർത്തോമ്മാനസ്രാണി സഭ, അർമ്മേനിയൻസഭ, ലത്തീൻസഭ)

## II. പൂരിപ്പിക്കുക    5

6. മാർത്തോമ്മാ നസ്രാണികൾ തങ്ങളുടെ .................. ജീവിതം കൊണ്ട് സുവിശേഷത്തിന്റെ പ്രേഷിതരായിരുന്നു.
7. മനുഷ്യവംശത്തിന്റെ പൊതുനന്മയും ഐക്യദാർഢ്യവും വളർത്തുന്ന വിധത്തിലേ ഇന്റർനെറ്റ് ഉപയോഗിക്കാവൂ എന്ന് ..................... രേഖ നമ്മെ പഠിപ്പിക്കുന്നു.
8. “പ്രവർത്തികൾ കൂടാതെയുള്ള വിശ്വാസം അതിൽതന്നെ നിർജ്ജീവമാണ്” എന്ന് .................. ശ്ലീഹാ നമ്മെ പഠിപ്പിക്കുന്നു.
9. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളുടെ അടിസ്ഥാനവും മാതൃകയും ഈശോയുടെ .................... തന്നെയാണ്.
10. സന്യാസത്തിലെ ഏറ്റവും അടിസ്ഥാനപരമായ നിയമം സുവിശേഷത്തിലെ ...................... അനുകരിക്കുകയാണ്.

## III. ചേരുംപടി ചേർക്കുക 5

11. പ്രാർത്ഥനയുടെ പ്രേഷിതത്വം - വി. മറിയം ത്രേസ്യ
12. പ്രഘോഷണ പ്രേഷിതത്വം - വി. ജോൺമരിയ വിയാനി
13. സേവനത്തിന്റെ പ്രേഷിതത്വം - വി. എവുപ്രാസ്യ
14. സഹനത്തിന്റെ പ്രേഷിതത്വം - വി. ഫ്രാൻസീസ് സേവ്യർ
15. വൈദിക പ്രേഷിതത്വം - വി. മദർ തെരേസ

## IV. ഉത്തരമെഴുതുക 5

16. "വി. കുർബാന കൂദാശകളുടെ അമ്മയാണ്." ഇപ്രകാരം പറഞ്ഞതാര്?
17. "മദ്ബഹ" എന്തിന്റെ പ്രതീകമാണ്?
18. വി. കുർബാനയിൽ ഉപയോഗിക്കുന്ന അപ്പവും വീഞ്ഞും എന്തിന്റെ പ്രതീകമാണ്?
19. "ഭാരതമേ നിൻ രക്ഷ നിൻ മക്കളിൽ." ഇത് ആരുടെ ആഹ്വാനമാണ്?
20. സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്?

## V. ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

21. ദൈവവചനം സ്വീകരിച്ച് വീരോചിതമായി ജീവിച്ചവർ?
22. "അലമാരയിൽ സൂക്ഷിച്ചിരിക്കുന്ന ഭക്ഷണപദാർത്ഥങ്ങൾ വിശക്കുന്നവന്റെയും, വസ്ത്രം നഗ്നന്റെയും, പാദുകങ്ങൾ നിഷ്പാദുകന്റേതുമാണ്." ആരുടേതാണ് ഈ വാക്കുകൾ?
23. ആദ്യം അച്ചടിക്കപ്പെട്ട ഗ്രന്ഥമേത്?
24. ഓരോ ക്രിസ്ത്യാനിയുടെയും ഒന്നാമത്തെ മിഷൻ പ്രവർത്തനം?
25. സീറോമലബാർ ഹയരാർക്കി സ്ഥാപിച്ച മാർപാപ്പ?

## VI. ബൈബിളിൽ നിന്നും ഉദ്ധരിക്കുക 4

26. ഈശോയുടെ അമ്മയും സഹോദരരും ആരാണെന്ന് വ്യക്തമാക്കുന്ന തിരുവചനം വി. ലൂക്കായുടെ സുവിശേഷത്തിൽ നിന്ന് (ലൂക്കാ 8:21)
27. എല്ലാ സൗഭാഗ്യങ്ങളും ലഭിക്കുന്നതിനുള്ള മാനദണ്ഡമായി ഈശോ അരുളിച്ചെയ്ത തിരുവചനം വി. മത്തായിയുടെ സുവിശേഷത്തിൽ നിന്ന് (മത്താ 6:33).

## VII. ഉത്തരം എഴുതുക

28. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളുടെ ലക്ഷ്യമെന്ത്? **2**
29. സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ അടിസ്ഥാനമെന്ത്? **2**
30. ദൈവവചനമനുസരിച്ചുള്ള ജീവിതത്തിന് പരി. കന്യകാമറിയം നൽകുന്ന മാതൃകയെന്ത്? **3**
31. പ്രേഷിതസ്വഭാവമുള്ള സഭയുടെ പ്രേഷിതദൗത്യത്തിൽ പങ്കുചേരാൻ നിങ്ങൾ എന്തെല്ലാം ചെയ്യും? **3**
32. വിദ്യാഭ്യാസ പ്രേഷിതത്വത്തെക്കുറിച്ചുള്ള സഭയുടെ കാഴ്ചപ്പാട് എന്ത്? **3**
33. സഭയുടെ പ്രധാന മിഷൻ പ്രവർത്തനശൈലികൾ ഏവ? വിശദമാക്കുക. നിങ്ങളുടെ ഇടവകയിലെ മിഷൻ പ്രവർത്തനങ്ങളിൽ എപ്രകാരം സജീവമായി പ്രവർത്തിക്കാൻ നിങ്ങൾക്ക് സാധിക്കും? **4**
34. കുടിയേറ്റ ജനതയുടെ വളർച്ചയിലും വികസനത്തിലും വൈദികർ വഹിച്ച പങ്ക് വിശദമാക്കുക. **4**
35. മാധ്യമരംഗത്തെ സഭാസേവനത്തെക്കുറിച്ച് വിവരിക്കുക? ഓൺലൈൻ മാധ്യമങ്ങളെ വിശ്വാസപരിശീലനത്തിനും സുവിശേഷ പ്രഘോഷണത്തിനുമായി നിങ്ങൾ ഏതെല്ലാം വിധത്തിൽ പ്രയോജനപ്പെടുത്തും? **4**
36. ജീവകാരുണ്യപ്രവർത്തനങ്ങൾ എന്നാൽ എന്ത്? സഭയുടെ ജീവകാരുണ്യപ്രവർത്തന മേഖലകളോടുചേർന്ന് ഈശോയുടെ കരുണയുടെ മുഖം പ്രതിഫലിപ്പിക്കുവാൻ നിങ്ങൾക്ക് എന്തെല്ലാം ചെയ്യാൻ കഴിയും? **5**
37. വിശുദ്ധ കുർബാന യോഗ്യതയോടെ ഉൾക്കൊള്ളാൻ വേണ്ട കാര്യങ്ങൾ ഏവ? **5**
38. നമ്മുടെ അതിരൂപതയിൽ പ്രവർത്തിക്കുന്ന 'ഇൻഫാം' എന്ന സംഘടനയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ ഏവ? കാർഷിക വിളകൾക്ക് വിലത്തകർച്ച നേരിടുന്ന ഇന്നത്തെ സാഹചര്യത്തിൽ ഈ സംഘടനയ്ക്ക് എന്തൊക്കെ ചെയ്യാൻ കഴിയും? **6**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
### ക്രിസ്തുമസ് പരീക്ഷ - 2024

| | |
|---|---|
| ക്ലാസ്സ് : XI | സമയം : 2 മണിക്കൂർ |
| തീയതി : 08-12-2024 | മാർക്ക് : 70 |

**I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** **5**

1. നന്മ-തിന്മകളെക്കുറിച്ച് വ്യക്തമായി അറിവ് നൽകുന്നത്?
(ചിന്തകൾ, മൂല്യങ്ങൾ, വികാരങ്ങൾ)
2. "സ്നേഹം ദുഷിച്ചതാണെങ്കിൽ വികാരങ്ങളും ദുഷിച്ചതായിരിക്കും. അത് നല്ലതാണെങ്കിൽ വികാരങ്ങളും നല്ലത്." ആരുടേതാണ് ഈ വാക്കുകൾ?
(വി. ആഗസ്തീനോസ്, വി. അമ്മത്രേസ്യ, വി. ഫ്രാൻസീസ് അസ്സീസി)
3. ഏറ്റവും പരമോന്നതവും പരിപൂർണ്ണവുമായ പ്രാർത്ഥന ഏത്?
(വി. കുർബാന, ജപമാല, നൊവേനകൾ)
4. ബൈബിളിന്റെ ലത്തീൻ വിവർത്തനത്തിന് പറയുന്ന പേര്?
(സെപ്തജിന്ത്, പ്ശീത്ത, വുൾഗാത്ത)
5. "എളിമയാണ് എല്ലാ പുണ്യങ്ങളുടെയും മാതാവ്. എളിമയില്ലാതെ വിശുദ്ധിനേടാൻ കഴിയില്ല." ഇപ്രകാരം പറഞ്ഞതാര്?
(വി. കൊച്ചുത്രേസ്യ, വി. അമ്മത്രേസ്യ, വി. മറിയം ത്രേസ്യ)

**II. പൂരിപ്പിക്കുക** **5**

6. ദൈവസ്നേഹവും ..................... ഉം ആണ് ദൈവകല്പനകളുടെ കാതൽ.
7. .................... സുവിശേഷത്തിന്റെ മുഴുവൻ സംഗ്രഹമായ പ്രാർത്ഥനയാണ്.
8. പരമനന്മയായ ദൈവത്തിലെത്തിച്ചേരുക എന്ന മനുഷ്യന്റെ ആത്യന്തിക ലക്ഷ്യം പ്രാപിക്കാൻ .................... നമ്മെ സഹായിക്കുന്നു.
9. ദൈവം തന്റെ സ്നേഹവും കാരുണ്യവും ആദ്യമായി വെളിപ്പെടുത്തിയത് ................ ലൂടെയാണ്.
10. ലക്ഷ്യത്തിലേക്കുള്ള യാത്രയിലെ വഴിവിളക്കുകളാണ് ...............

## III. ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

11. ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ വിശുദ്ധ കുർബാന യെക്കുറിച്ചുള്ള സിനഡാനന്തര ശ്ലൈഹിക ആഹ്വാനത്തിന്റെ പേരെന്ത്?
12. മാർ സ്ലീവാ എന്തിന്റെ പ്രതീകമാണ്?
13. ബലിപീഠം (അൾത്താര) ആരുടെ സിംഹാസനമാണ്?
14. വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ ജപമാലയിൽ കൂട്ടിച്ചേർത്ത രഹസ്യത്തിന്റെ പേരെന്ത്?
15. സീറോമലബാർ സഭയിൽ നിന്നും ഈ വർഷം കർദ്ദിനാൾ പദ വിയിലേക്ക് ഉയർത്തപ്പെട്ട വ്യക്തി?

## IV. പേരെഴുതുക 5

16. ദൈവത്തെ വി. ലിഖിതത്തിന്റെ ഗ്രന്ഥകാരൻ എന്നും മനുഷ്യനെ വി. ലിഖിതത്തിന്റെ എഴുത്തുകാരൻ എന്നും വിശേഷിപ്പിച്ചതാര്?
17. കാനൻ നിയമങ്ങളുടെ അധികാരി ആര്?
18. “പ്രാർത്ഥന സ്വർഗ്ഗത്തിലേയ്ക്ക് പറന്നുയരുന്നതിനുള്ള ചിറകു കളാണ്” ഇപ്രകാരം പറഞ്ഞതാര്?
19. ആരിലാണ് ദൈവവചനം അതിന്റെ പൂർണ്ണതയിൽ വെളിവാക്ക പ്പെട്ടത്?
20. കെ.സി.വൈ.എം/എസ്.എം.വൈ.എം സംഘടനയുടെ സ്വർഗ്ഗീയ മധ്യസ്ഥൻ ആര്?

## V. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 10

21. നിയമങ്ങൾ എന്നാൽ എന്ത്?
22. ക്രൈസ്തവ പ്രാർത്ഥനയുടെ നിർവചനം എഴുതുക?
23. പാപകരമായ മനഃസാക്ഷി എന്നാൽ എന്ത്?
24. ദൈവികവെളിപാട് അഥവാ ദൈവാവിഷ്ക്കരണം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
25. അർക്കദിയാക്കോന്റെ അധികാരങ്ങൾ എന്തെല്ലാമായിരുന്നു?

## VI. ബൈബിളിൽ നിന്നും ഉദ്ധരിക്കുക 5

26. ദൈവസന്നിധിയിൽ വിശ്വാസത്തോടെ അപേക്ഷിക്കുന്ന ഏതൊരുവ ന്റെയും പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കുമെന്ന് വ്യക്തമാക്കുന്ന തിരു വചനം വി. മത്തായിയുടെ സുവിശേഷത്തിൽ നിന്ന് (മത്തായി 7:7).

27. പിതാവ് അയക്കുന്ന സഹായകനായ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഈശോ പഠിപ്പിച്ചത് വി. യോഹന്നാന്റെ സുവിശേഷത്തിൽ നിന്ന് (യോഹ 14:26).

## VII. ഉത്തരമെഴുതുക

28. മാർത്തോമ്മാനസ്രാണികളുടെ ഇടയിൽ നിലവിലിരുന്ന പ്രധാന നോമ്പുകൾ ഏതെല്ലാം? **3**
29. കത്തോലിക്കാ കാഴ്ചപ്പാടിൽ ദൈവനിവേശനം എന്ന ആശയത്തിൽ അടങ്ങിയിരിക്കുന്ന വസ്തുതകൾ ഏവ? **3**
30. ദൈവികവെളിപാടിന്റെ വിവിധ തലങ്ങൾ ഏവ? വിശദമാക്കുക. **4**
31. പരിശുദ്ധാരൂപിയുടെ ദാനങ്ങൾ എത്ര? ഏവ? **5**
32. മാർത്തോമ്മാനസ്രാണികളുടെ ആരാധനക്രമത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉദയംപേരൂർ സൂനഹദോസ് വരുത്തിയത്? **5**
33. ക്രിസ്തീയ പ്രാർത്ഥനയുടെ വിവിധ രൂപങ്ങൾ നിർവചിക്കുക? വിദൂരത്തായിരിക്കുന്ന വ്യക്തിക്ക് കുടുംബപ്രാർത്ഥനയിൽ എപ്രകാരം പങ്കുചേരാൻ സാധിക്കും? **5**
34. ക്രിസ്തീയ മനഃസാക്ഷി രൂപീകരണത്തിന് മാർഗ്ഗനിർദ്ദേശകമായ ഘടകങ്ങൾ ഏവ? വിശദമാക്കുക. നിങ്ങളുടെ മനഃസാക്ഷി ഒരു ക്രൈസ്തവ മനഃസാക്ഷി ആക്കാൻ നിങ്ങൾ എന്തെല്ലാം കാര്യങ്ങൾ ചെയ്യും? **5**
35. സഭാനിയമത്തിൽ ഉൾപ്പെട്ടിരിക്കുന്ന കാര്യങ്ങൾ ഏവ? വിശദമാക്കുക. ഞാൻ എന്തിന് നിയമങ്ങൾ അനുസരിക്കണം? എനിക്ക് ഇഷ്ടമുള്ളത് ചെയ്യുന്നതിൽ എന്താണ് പ്രശ്നം? ഇപ്രകാരമുള്ള മനോഭാവം വച്ചുപുലർത്തുന്ന സുഹൃത്തിന് നിങ്ങൾ എന്ത് ഉപദേശം നല്കും? **5**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
## ക്രിസ്തുമസ് പരീക്ഷ - 2024

ക്ലാസ്സ് : XII | സമയം : 2 മണിക്കൂർ
തീയതി : 08-12-2024 | മാർക്ക് : 70

**I. ശരിയായ ഉത്തരം എടുത്തെഴുതുക** **5**

1. ബൈബിളിന്റെ ലത്തീൻ ഭാഷയിലുള്ള തർജ്ജമ?
(പ്ശീത്ത, വുൾഗാത്ത, സെപ്ത്വജിന്ത്)
2. യഹൂദമതത്തിന്റെ അടിസ്ഥാനം?
(ഏകദൈവവിശ്വാസം, ധർമ്മപദം, അവസ്ത)
3. "വി. ലിഖിതത്തെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെപ്പറ്റിയുള്ള അജ്ഞത തന്നെയാണ്." ആരുടേതാണ് ഈ വാക്കുകൾ?
(വി. പൗലോസ്, വി. ഇഗ്നേഷ്യസ്, വി. ജറോം)
4. "കത്തോലിക്കാ" എന്ന പദത്തിന്റെ അർത്ഥമെന്ത്?
(എല്ലാവർക്കും വേണ്ടി, ദൈവനിവേശിതം, വിശുദ്ധം)
5. ബൈബിളിലെ പുസ്തകങ്ങളെ അധ്യായങ്ങളായി തിരിച്ചതാര്?
(ഇരണേവൂസ്, സ്റ്റെഫാൻ ലാംഗ്ടൻ, താസിയൂസ്)

**II. പൂരിപ്പിക്കുക** **5**

6. സഭയുടെ പരിശുദ്ധിയുടെ ഉറവിടം .................... ആണ്.
7. "സർവ്വപരിപാലകനായ ദൈവം" എന്ന ചാക്രികലേഖനം പുറപ്പെടുവിച്ചത് ..................... മാർപാപ്പയാണ്.
8. അപ്പസ്തോലന്മാരാകുന്ന അടിത്തറമേൽ പണിയപ്പെട്ടിരിക്കുന്നതിനാൽ കത്തോലിക്കാസഭ ....................... ആണ്.
9. ദൈവമഹത്വും .................. ഉം ആയിരിക്കണം മാധ്യമങ്ങളുടെ ലക്ഷ്യം.
10. വി. കുർബാനയും കാരുണ്യത്തിന്റെ കൂദാശയായ ................. ഉം ആണ് ജോൺ കാർഡിനൽ ന്യൂമാനെ കത്തോലിക്കാസഭയിലേക്ക് ആകർഷിച്ചത്.

## III. ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

11. വി. കുർബാനയുടെ പ്രധാന കാർമ്മികൻ ആരാണ്?
12. "വി. കുർബാന എന്തെന്ന് തിരിച്ചറിഞ്ഞാൽ സന്തോഷംകൊണ്ട് ഞാൻ മരിക്കും." ആരുടേതാണ് ഈ വാക്കുകൾ?
13. ദൈവാലയത്തിൽ പരിശുദ്ധ കുർബാന സൂക്ഷിക്കുന്ന സ്ഥലം?
14. "കാറോസൂസാ" എന്ന വാക്കിന്റെ അർത്ഥമെന്ത്?
15. തലശ്ശേരി അതിരൂപതയിൽനിന്നും ബസിലിക്ക പദവിയിലേയ്ക്ക് ഉയർത്തപ്പെട്ട ഇടവക ദൈവാലയം ഏത്?

## IV. പേരെഴുതുക 5

16. "കാനോൻ" എന്ന വാക്കിന്റെ അർത്ഥമെന്ത്?
17. സിക്കുമതത്തിന്റെ സ്ഥാപകൻ ആര്?
18. "മതം" എന്ന വാക്കിന്റെ അർത്ഥമെന്ത്?
19. "കർത്താവിന്റെ വചനത്തിന്റെ ശബ്ദവും കർത്താവിന്റെ മുഖവും എല്ലായിടത്തും എത്തിക്കാൻ സാധ്യമായ എല്ലാ മാർഗ്ഗങ്ങളെയും പ്രോത്സാഹിപ്പിക്കേണ്ടതാണ്." ഇപ്രകാരം പറഞ്ഞ മാർപാപ്പ?
20. ഈശോ സ്ഥാപിച്ച സഭയെ കത്തോലിക്കാസഭയെന്ന് ആദ്യം വിളിച്ചത് ആര്?

## V. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക 10

21. എക്യുമെനിസം എന്നാൽ എന്ത്?
22. വാച്യാർത്ഥം എന്നാൽ എന്ത്?
23. ദൈവികവെളിപാട് അഥവാ ദൈവാവിഷ്കരണം എന്നാൽ എന്ത്?
24. മിശ്രവിവാഹത്തെ സഭ എതിർക്കുന്നത് എന്തുകൊണ്ട്?
25. ദൈവവചനത്തിന്റെ ധർമ്മങ്ങൾ ഏവ?

## VI. ബൈബിളിൽ നിന്നും ഉദ്ധരിക്കുക 5

26. ഉത്ഥിതനായ കർത്താവ് ശിഷ്യർക്കു നൽകിയ പ്രേഷിതദൗത്യം വി. മർക്കോസിന്റെ സുവിശേഷത്തിൽ നിന്ന് (മർക്കോ 16:15).
27. ദൈവവചനം ഹൃദയത്തിൽ സൂക്ഷിക്കുന്നവനിലേയ്ക്ക് പാപം പ്രവേശിക്കുകയില്ല എന്ന് വ്യക്തമാക്കുന്ന വചനം സങ്കീർത്തന പുസ്തകത്തിൽ നിന്ന് (സങ്കീ 119:11).

## VII. ഉത്തരം എഴുതുക

28. നാം കത്തോലിക്കാസഭയിലെ അംഗങ്ങൾ തന്നെ ആയിരിക്കണം. എന്തുകൊണ്ട്? **3**

29. അന്യമതവിവാഹത്തെക്കുറിച്ച് ബൈബിൾ എന്താണ് പറയുന്നത്?**3**

30. ദൈവികവെളിപാടിന്റെ വിവിധ തലങ്ങൾ ഏതെല്ലാം? വിശദമാക്കുക. **4**

31. ക്രൈസ്തവമതത്തെ ഇതരമതങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്നതെന്ത്? "മതമേതായാലും മനുഷ്യൻ നന്നായാൽ മതി" എന്ന ആശയത്തോട് നമുക്ക് യോജിക്കാമോ? വ്യക്തമാക്കുക. **4**

32. ദൈവവചനം ജീവിതത്തെ രൂപാന്തരപ്പെടുത്തുന്നു. വിശദമാക്കുക? ദൈവവചനം പഠിക്കുവാനും പ്രചരിപ്പിക്കുവാനും നിങ്ങൾ എന്തെല്ലാം കാര്യങ്ങൾ ചെയ്യുമെന്ന് ഉദാഹരണസഹിതം വ്യക്തമാക്കുക. **5**

33. പരിശുദ്ധാരൂപിയുടെ ഫലങ്ങൾ എത്ര? ഏവ? **5**

34. മിശ്രവിവാഹത്തിന്റെ ദുരന്തഫലങ്ങൾ എന്തെല്ലാം? **5**

35. മാധ്യമങ്ങളെ സാമൂഹിക പ്രതിബദ്ധത ഉള്ളതാക്കാൻ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം? ഈ ആധുനിക കാലഘട്ടത്തിൽ മൂല്യങ്ങൾ വളർത്തുന്നതിനും, സുവിശേഷം പ്രഘോഷിക്കുന്നതിനും മാധ്യമങ്ങളെ നിങ്ങൾ എങ്ങനെ പ്രയോജനപ്പെടുത്തും. വിശദമാക്കുക. **6**